പാലക്കാട് ജില്ലയിലെ എച്ച്.എസ്.എ. മലയാളം തസ്തികയിലെ നിയമനം

31 (1499) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എച്ച്എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാലാവധി എന്നുവരെയുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ അദ്ധ്യയന വർഷത്തിൽ ഈ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം വല്ലതും നടത്തിയിട്ടുണ്ടോ ;

(ഇ) നിലവിലുള്ള ഈ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിന്റെ കാലാവധി 5-8-2003 വരെ ആകുന്നു.

(സി) ഇതുവരെ 76 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ

32 (1500) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ 22-10-1999-ന് പ്രസിദ്ധീകരിച്ച എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി ഏതുവരെയുണ്ടെന്ന് അറിയിക്കാമോ ;

(ബി) മേൽ റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(സി) ഇപ്പോൾ ജില്ലയിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ഡി) ഒഴിവുകൾ വകുപ്പുതിരിച്ച് വ്യക്തമാക്കാമോ ;

(ഇ) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി 4-8-2003 വരെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly